## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 341** **23.01.2018 ൽ മറുപടിയ്ക്ക്**

**ഐസിഡിഎസ് ജീവനക്കാർക്ക് അധിക ഓണറേറിയം അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ ഐസിഡിഎസ് ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ ഇരുപത് ശതമാനം അധിക ഓണറേറിയമായി അനുവദിക്കുന്നത് സംബന്ധിച്ച സാമൂഹിക നീതി ഡയറക്ടറേറ്റിലെ SJD-A1/141/2016-SJD നമ്പർ ഫയലിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | അട്ടപ്പാടിയിലെ ഐ.സി.ഡി.എസ് ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ ഇരുപത് ശതമാനം അധിക ഓണറേറിയമായി അനുവദിയ്ക്കുന്നത് സംബന്ധിച്ച സാമൂഹിക നീതി ഡയറക്ടറുടെ ശുപാർശ സർക്കാർ അംഗീകരിച്ചില്ല. |
| (ബി) | ഇത് സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് സാമൂഹ്യ നീതി വകുപ്പിൽ നിന്നും നൽകിയ 299/A2/SJD/17 നമ്പർ കത്തിന് ഡയറക്ടർ മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | അട്ടപ്പാടി മേഖലയിലെ ഐസിഡിഎസ് ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ ഇരുപത് ശതമാനം അധിക ഓണറേറിയമായി അനുവദിയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | സർക്കാർ ഇക്കാര്യം വീണ്ടും പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

15

നം. E10/13515/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 24..11..2017
Email : swdkerala@gmail.com
Phone: 0471-2306040

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

സെക്രട്ടറി
സാമൂഹ്യനീതി വകുപ്പ്

സർ,

വിഷയം :സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - അട്ടപ്പാടി ശിശുവികസന പദ്ധതി ഓഫീസിലെ ജീവനക്കാർക്ക് 20% സ്പെഷ്യൽ അലവൻസ് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന :1) സർക്കാർ കത്ത് നം.A2/299/2017/സാനീവ. തീയതി: 7..11..2017.
:2) ഈ കാര്യാലയത്തിൽ നിന്നുള്ള 24..8..15 ലെ ICDS/A5/13745/15 നമ്പർ കത്ത്.
:3) G.O.(Rt.) 74/2016/SJD dted: 8..2..2016.

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. അട്ടപ്പാടി മേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 20% തുക സ്പെഷ്യൽ അലവൻസായി അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ അട്ടപ്പാടി മേഖലയിൽ പ്രവർത്തിക്കുന്ന അങ്കണവാടി ജീവനക്കാർക്കും അട്ടപ്പാടി ശിശുവികസന പദ്ധതി ഓഫീസിലെ ജീവനക്കാർക്കും 20% സ്പെഷ്യൽ അലവൻസ് അനുവദിക്കുന്നതിനായി സൂചന (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ സമർപ്പിക്കുകയും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി വർക്കർ / ഹെൽപ്പർ തസ്തികയിലെ ജീവനക്കാർക്ക് 20% സ്പെഷ്യൽ അലവൻസ് അനുവദിച്ച് സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ അട്ടപ്പാടി ശിശുവികസന പദ്ധതി ഓഫീസിലെ ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് അനുവദിക്കുകയുണ്ടായില്ല. വകുപ്പിലെ അട്ടപ്പാടി ICDS ലെ ജീവനക്കാർക്ക് 20% സ്പെഷ്യൽ അലവൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (1) പ്രകാരം ലഭിച്ച നിവേദനത്തിലെ ആവശ്യം അനുഭാവപൂർവ്വം പരിഗണിയ്ക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു. ഇതിനായി

പ്രതിമാസം 1,06,588/- രൂപയും ഒരു സാമ്പത്തിക വർഷത്തേയ്ക്ക് 12,79,056/- രൂപയും അധിക ചെലവ് പ്രതീക്ഷിക്കുന്നു. ഇത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Designation | No. of Posts | Basic Pay | 20% Increment |
|---|---|---|---|---|
| 1 | CDPO | 1 | 35700 | 7140 |
| 2 | Junior Superintendent | 1 | 43600 | 8720 |
| 3 | Head Accountant | 1 | 33500 | 6700 |
| 4 | Senior Clerk | 1 | 29900 | 5980 |
| 5 | ICDS Supervisor HG | 1 | 39500 | 7900 |
| 6 | ICDS Supervisor | 2 | 31500 | 12600 |
| 7 | ICDS Supervisor | 2 | 27800 | 11120 |
| 8 | ICDS Supervisor | 2 | 26500 | 10600 |
| 9 | Driver HG | 1 | 34800 | 6960 |
| 10 | Typist | 1 | 19500 | 3900 |
| 11 | Office Attendant | 1 | 17000 | 3400 |
| 12 | Office Attendant | 1 | 16500 | 3300 |
| 13 | Night Watchman | 1 | 16500 | 3300 |
| 14 | Part Time Sweeper | 1 | 9340 | 1868 |
| 15 | ICDS Supervisor Daily Wages) | 1 | 26500 | 5300 |
| 16 | Driver (Daily Wages) | 2 | 19500 | 7800 |
| | **Total** | | | 106588 |

അട്ടപ്പാടി ICDS -ലെ ജീവനക്കാർക്ക് 20% സ്പെഷ്യൽ അലവൻസ് അനുവദിക്കുന്നതിനായി ആവശ്യമായ അധിക തുക 2235-02-102-47(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

സെക്ഷൻ ഓഫീസർ